''ഭരണഭാഷ മാതൃഭാഷ''

# വ്യാവസായിക പരിശീലന വകുപ്പ്
## (കേരള സംസ്ഥാനം)

ശാന്തിനഗർ, തിരുവനന്തപുരം-01

## ട്രെയിനിംഗ് ഡയറക്ടറുടെ നടപടിക്രമം
**(ഹാജർ: എ.ഷൈനാമോൾ.ഐ.എ.എസ് )**

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് - ഐ.ടി.ഐ കളിലെ വാഹനം ട്രെയിനിംഗ് ഓഫീസർമാർക്കും, അസിസ്റ്റന്റ് അപ്രന്റീസ്ഷിപ്പ് അഡ്വൈസർമാർക്കും ലഭ്യമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

പരാമർശം:- 08/12/2014 ൽ ബഹു.ട്രെയിനിംഗ് ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ കൂടിയ ട്രെയിനിംഗ് ഓഫീസർമാരുടെയും, അസിസ്റ്റന്റ് അപ്രന്റീസ്ഷിപ്പ് അഡ്വൈസർമാരുടേയും യോഗത്തിന്റെ മിനുട്ട്സ്.

**<u>ഉത്തരവ് നമ്പർ എഫ്1/49167/2014 തീയതി :27/01/2015</u>**

08/12/2014 ൽ ട്രെയിനിംഗ് ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ കൂടിയ ട്രെയിനിംഗ് ഓഫീസർമാരുടേയും, അസിസ്റ്റന്റ് അപ്രന്റീസ്ഷിപ്പ് അഡ്വൈസർമാരുടേയും മീറ്റിംഗിൽ അപ്രന്റീസ്ഷിപ്പ് ട്രെയിനിംഗുമായി ബന്ധപ്പെട്ട് സർവ്വേ നടത്തുന്നതിനും അപ്രന്റീസ്ഷിപ്പ് ട്രെയിനിംഗ് നൽകുന്ന വ്യാവസായിക സ്ഥാപനങ്ങൾ സന്ദർശന/പരിശോധന നടത്തുന്നതിനും വാഹന സൗകര്യം ലഭ്യല്ല എന്ന് അറിയിക്കുകയുണ്ടായി. മേൽ വിവരിച്ച സന്ദർഭങ്ങളിൽ ഉദ്യോഗസ്ഥരുടെ വാഹന അസൗകര്യം പരിഹരിക്കുന്നതുമായി ബന്ധപ്പെട്ട് ചുവടെ വിവരിക്കുന്ന വിധം ഉത്തരവ് പുറപ്പെടുവിക്കുന്നു.

വാഹന സൗകര്യം ലഭ്യമല്ലാത്ത ട്രെയിനിംഗ് ഓഫീസർമാരും അസിസ്റ്റന്റ് അപ്രന്റീസ്ഷിപ്പ് അഡ്വൈസർമാർക്കും ഏറ്റവും അടുത്തുള്ള ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളിലെ വാഹനം ലഭ്യമാക്കി വ്യാവസായ സ്ഥാപനങ്ങൾ സന്ദർശിക്കേണ്ടതാണ്. വാഹനം ആവശ്യമുള്ള ട്രെയിനിംഗ് ഓഫീസർ/ അസിസ്റ്റന്റ് അപ്രന്റീസ്ഷിപ്പ് അഡ്വൈസർമാരും വാഹനം ആവശ്യമുള്ള ദിവസത്തിന് 5 ദിവസം മുൻപേ ബന്ധപ്പെട്ട ഐ.ടി.ഐ പ്രിൻസിപ്പാൾമാരെ വിവരം രേഖാമൂലം അറിയിക്കേണ്ടതും ബന്ധപ്പെട്ട ഐ.ടി.ഐ പ്രിൻസിപ്പാൾമാർ വാഹനം വ്യാവസായ സ്ഥാപനങ്ങൾ സന്ദർശിക്കുന്നതിന് വിട്ടു കൊടുക്കേണ്ടതുമാണ്.

ഒപ്പ്/

**സ്റ്റേറ്റ് അപ്രന്റീസ്ഷിപ്പ് അഡ്വൈസർ**

എല്ലാ ട്രെയിനിംഗ് ഓഫീസർമാർക്കും,
അസിസ്റ്റന്റ് അപ്രന്റീസ്ഷിപ്പ് അഡ്വൈസർമാർക്കും,
ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്കും (ട്രെയിനിംഗ് ഓഫീസർമാർ ആവശ്യപ്പെടുന്ന മുറയ്ക്ക് വാഹനം നൽകേണ്ടതിലേയ്ക്ക്)

പകർപ്പ്:-

(1) DT/ADT (CA)
(2) DSAA
(3) J.S (F Section)
(4) SF (F1 Section)

//ഉത്തരവിൻ പ്രകാരം//

ജൂനിയർ സൂപ്രണ്ട്

ആർ.03.02.2015